**'ഭരണഭാഷ - മാതൃഭാഷ'**

നം.സി 1/57826/2018 /കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 01/12/2018
ഫോൺ-0471-2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - 2019 -ലെ ഡി.പി.സി (ഹയർ & ലോവർ) യോഗം ചേരുന്നതിന് കോൺഫിഡെൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

*********

2019 വർഷത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലെയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ & ലോവർ) യോഗം ചേരുന്നതിലെയ്ക്കുള്ള കുറിപ്പിനോടൊപ്പം 2016, 2017, 2018 വർഷങ്ങളിലെ കോൺഫിഡെൻഷ്യൽ റിപ്പോർട്ട് (ഓരോ കലണ്ടർ വർഷത്തെയും പ്രത്യേകം) ആവശ്യമാണ്.

ആയതിനാൽ താഴെപ്പറയുന്ന പട്ടികയിൽ പേരുള്ള ജീവനക്കാർ 10.01.2019 -നു മുൻപ് കോൺഫിഡെൻഷ്യൽ റിപ്പോർട്ടും, സെൽഫ് അസെസ്മെന്റ് റിപ്പോർട്ടും നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. അക്കൗണ്ട് ടെസ്റ്റ് (ഹയർ) പാസായവർ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്. നിരീക്ഷണകാലം പൂർത്തിയാക്കാത്തവരുടെയും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ കോൺഫിഡെൻഷ്യൽ റിപ്പോർട്ട് ഹാജരാക്കാത്തവരുടേയും പേരുകൾ പ്രസ്തുത ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്ന വിവരം കൂടി അറിയിക്കുന്നു. സേവനമനുഷ്ഠിക്കുന്ന തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും കോൺഫിഡെൻഷ്യൽ റിപ്പോർട്ടിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇപ്പോൾ ജോലിചെയ്യുന്ന തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്തവർ തൊട്ടുമുൻപുള്ള തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

താഴെപ്പറയുന്ന ലിസ്റ്റിൽ പേരുള്ള ഉദ്യോഗസ്ഥർ, നിശ്ചിത ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ വാർഷിക കോൺഫിഡെൻഷ്യൽ റിപ്പോർട്ട് (കലണ്ടർ വർഷം പ്രകാരം) സെൽഫ് അസെസ്മെന്റ് റിപ്പോർട്ട് സഹിതം റിപ്പോർട്ടിംഗ് ഓഫീസർമാർക്ക് (ഡെപ്യൂട്ടി ഡയറക്ടർമാർക്ക്/പ്രിൻസിപ്പൽമാർക്ക്) അപേക്ഷ സമർപ്പിക്കേണ്ടതും റിപ്പോർട്ടിംഗ് ഓഫീസർമാർ, സൂചന (1)-ലെ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് തയ്യാറാക്കി എല്ലാ രേഖപ്പെടുത്തലുകളും (സി.ആറിൽ 'എ' ഗ്രേഡ് അഞ്ചിൽ കൂടുതൽ രേഖപ്പെടുത്തുകയാണെങ്കിൽ അതിനുള്ള വിശദീകരണവും 'സി', 'ഡി' ഗ്രേഡുകൾ രേഖപ്പെടുത്തുകയാണെങ്കിൽ അതിനുള്ള വിശദീകരണവും ഉൾപ്പെടെ) ഉറപ്പുവരുത്തി, റിവ്യൂ ചെയ്ത് നിശ്ചിത സമയ പരിധിക്കുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.


GOVERNMENT OF KERALA 2017-18

മേൽപ്പറഞ്ഞ രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ട ഓഫീസർമാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1. | ശ്രീമതി. എൻ.എസ്.മിനി | സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ് |
| 2. | ശ്രീ. എസ്. രാംദാസ് | അക്കൗണ്ട്സ് ഓഫീസർ |
| 3. | ശ്രീ.വി.സി.മണി | അക്കൗണ്ട്സ് ഓഫീസർ |
| 4. | ശ്രീമതി എ.സബീന | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് |
| 5. | ശ്രീ. ടി.മണി | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് |
| 6. | ശ്രീ.എൻ.അനിൽ കുമാർ | സീനിയർ സൂപ്രണ്ട് |
| 7. | ശ്രീമതി ആർ.ബിന്ദു ബാലൻ | സീനിയർ സൂപ്രണ്ട് |
| 8. | ശ്രീ. ആന്റണി ജോസഫ് | സീനിയർ സൂപ്രണ്ട് |
| 9. | ശ്രീ. കെ.ജെ. ക്രിസ്റ്റി | സീനിയർ സൂപ്രണ്ട് |
| 10. | ശ്രീ. ആർ.ഗിരീശൻ | സീനിയർ സൂപ്രണ്ട് |
| 11. | ശ്രീ.ടി.എം.അനിൽ കുമാർ | സീനിയർ സൂപ്രണ്ട് |
| 12. | ശ്രീ. പി.കെ.ഏലിയാസ് | സീനിയർ സൂപ്രണ്ട് |
| 13. | ശ്രീമതി നജുമ ബീഗം | സീനിയർ സൂപ്രണ്ട് |
| 14. | ശ്രീമതി.യു.കെ.ജയജ്യോതി | സീനിയർ സൂപ്രണ്ട് |
| 15. | ശ്രീ. ജെ.കൃഷ്ണകുമാർ | സീനിയർ സൂപ്രണ്ട് |
| 16. | ശ്രീമതി. സി.വി.കവിത | ജൂനിയർ സൂപ്രണ്ട് |
| 17. | ശ്രീ.കെ.മനോജ് കുമാർ | ജൂനിയർ സൂപ്രണ്ട് |
| 18. | ശ്രീമതി വിദ്യ.വി.ടി | ജൂനിയർ സൂപ്രണ്ട് |
| 19. | ശ്രീമതി. ആശാ സാബു | ജൂനിയർ സൂപ്രണ്ട് |
| 20. | ശ്രീ. ദിനേശ.കെ.എസ് | ജൂനിയർ സൂപ്രണ്ട് |
| 21. | ശ്രീ. അസീസ്.എം | ജൂനിയർ സൂപ്രണ്ട് |
| 22. | ശ്രീമതി. സുജ.എം | ജൂനിയർ സൂപ്രണ്ട് |
| 23. | ശ്രീ. സുനിൽ കുമാർ.എസ് | ജൂനിയർ സൂപ്രണ്ട് |
| 24. | ശ്രീമതി.സുജി.എസ്.കുമാർ | ജൂനിയർ സൂപ്രണ്ട് |
| 25. | ശ്രീമതി. ഗീതാ കുമാരി.എൻ | ജൂനിയർ സൂപ്രണ്ട് |


GOVERNMENT OF KERALA 2017-18
4759

| | | |
|---|---|---|
| 26. | ശ്രീമതി. സ്റ്റെല്ലാ മേരിസ് | ജൂനിയർ സൂപ്രണ്ട് |
| 27. | ശ്രീമതി.പ്രീത.കെ.പി | ജൂനിയർ സൂപ്രണ്ട് |
| 28. | ശ്രീ. സാജൻ.ആർ. | ജൂനിയർ സൂപ്രണ്ട് |
| 29. | ശ്രീമതി.പ്രേമ.ബി | ജൂനിയർ സൂപ്രണ്ട് |
| 30. | ശ്രീമതി.ലേഖ.എസ് | ജൂനിയർ സൂപ്രണ്ട് |

മേൽ പേര് രേഖപ്പെടുത്തിയവരെക്കൂടാതെ അക്കൗണ്ട് ടെസ്റ്റ് ഹയർ യോഗ്യത കരസ്ഥമാക്കിയ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്മാർ ഉണ്ടെങ്കിൽ അവരും ഈ സർക്കുലർ പ്രകാരം കോൺഫിഡെൻഷ്യൽ റിപ്പോർട്ടും, അനുബന്ധരേഖകളും ഹാജരാക്കേണ്ടതാണ്.

ഒപ്പ്/-
രമേഷ്.റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും
3. കരുതൽ ഫയൽ /നടപ്പ് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.01/12/2018


GOVERNMENT OF KERALA 2017-18